**കാറ്റഗറി നമ്പർ : 49/2021– 50/2021**

**ഒന്നാം എൻ .സി.എ വിജ്ഞാപനം**

**പാർട്ട് – രണ്ട് (സൊസൈറ്റി ക്വാട്ട)**

താഴെ പറയുന്ന തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സമാനമായ അല്ലെങ്കിൽ ഉയർന്ന വിഭാഗത്തിലുള്ള മെമ്പർ സൊസൈറ്റിയിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട കേരള സംസ്ഥാനത്തിലെ ഉദ്യോഗാർഥികളിൽ നിന്നു മാത്രം അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി "ഒറ്റത്തവണ രജിസ്ട്രേഷൻ" പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അവരെടെ പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്.

1. **സ്ഥാപനം** : ജില്ലാ സഹകരണ ബാങ്ക്
2. **ഉദ്യോഗപ്പേര്** : ഡ്രൈവർ
3. **ശമ്പളം** : ₹12,950 – 33,450/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
   ഇടുക്കി – ഈഴവ/ തീയ്യ/ ബില്ലവ –01 (ഒന്ന്)– **49/2021**
   ഇടുക്കി – പട്ടികജാതി –01 (ഒന്ന്)–**50/2021**

കുറിപ്പ്:– (i) ഈ വിജ്ഞാപനപ്രകാരം ഇടുക്കി ജില്ലയിലേക്ക് മേൽപറഞ്ഞ സമുദായങ്ങൾക്ക് വേണ്ടി പ്രത്യേകം പ്രത്യേകം റാങ്ക് പട്ടികകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് പട്ടികകൾ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക്ഡ് ലിസ്റ്റിന്റെ കാലയളവിൽ മേൽപറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ളതുംഎന്നാൽ ആ സമുദായത്തിൽപെട്ടഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ, ഈ വിജ്ഞാപനമനുസരിച്ച് നിലവിൽ വരുന്ന NCA റാങ്ക് പട്ടികയുടെ തീയതി മുതൽ 3 (മൂന്ന്) വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി |
|---|---|---|
| ഇടുക്കി | 10/08/17 | 304/2013 |

(ii) ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സമാനമായ അല്ലെങ്കിൽ ഉയർന്ന വിഭാഗത്തിലുള്ള മെമ്പർ സൊസൈറ്റിയിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും മേൽപറഞ്ഞ സമുദായത്തിൽപെട്ടവരുമായ ഉദ്യോഗാർത്ഥികൾ ഇടുക്കി ജില്ലയിലേക്കുമാത്രം അപേക്ഷിക്കേണ്ടതും അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ പ്രസ്തുത ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്.ഇതിനു വിപരീതമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iii) ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള ജാതി തെളിയിക്കുന്നതിനു റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

5. **നിയമന രീതി** : ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സമാനമായ അല്ലെങ്കിൽ ഉയർന്ന വിഭാഗത്തിലുള്ള മെമ്പർ സൊസൈറ്റിയിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ മേൽ പരാമർശിച്ചിട്ടുള്ള സമുദായത്തിൽ നിന്നുള്ള ജീവനക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്ന് നേരിട്ടുള്ള നിയമനം.

<u>കുറിപ്പ്:</u>

ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

6. **പ്രായപരിധി** : 18–50 ഉദ്യോഗാർത്ഥികൾ 2.1.1971 നും 1.1.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

7. **യോഗ്യതകൾ:**

1) ഏഴാം സ്റ്റാൻഡേർഡ് ജയിച്ചിരിക്കണം.
2) ഡ്രൈവേഴ്സ് ബാഡ്ജും ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ളതും ചുരുങ്ങിയത് മൂന്നു വർഷമായി പ്രാബല്യത്തിലുള്ളതുമായ ലൈസൻസും ഉണ്ടായിരിക്കണം.

കുറിപ്പ്:–

a)അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും ഒ.എം.ആർ പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങി തെരഞ്ഞെടുപ്പിന്റെ എല്ലാ തീയതികളിലും ഉദ്യോഗാർത്ഥിക്ക് കറന്റ് ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

b) 12.10.2018 മുതൽ ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിനു ഡ്രൈവേഴ്സ് ബാഡ്ജ് ഒഴിവാക്കിയിട്ടുണ്ട്.

c) എല്ലാ യോഗ്യതകളും അപേക്ഷ അയയ്ക്കേണ്ട അവസാന തീയതിയോ അതിനു മുമ്പോ നേടിയിരിക്കണം.

d)വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടുള്ള യോഗ്യതക്കു പകരമായി തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റതവണ പരിശോധനാ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യ യോഗ്യതയായി പരിഗണിക്കുകയുള്ളൂ.

e) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS & SSR Part II Rule 10 (a) (ii)c ബാധകമാണ്

(3) അപേക്ഷകൻ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സമാനമായ അല്ലെങ്കിൽ ഉയർന്ന വിഭാഗത്തിലുള്ള മെമ്പർ സൊസൈറ്റിയിൽ മൂന്നു വർഷത്തിൽ കുറയാത്ത റഗുലർ സർവ്വീസുള്ള സർവ്വീസിൽ തുടരുന്നവരുമായ സ്ഥിരം ജീവനക്കാരനായിരിക്കണം. ജീവനക്കാരൻ അപേക്ഷ അയയ്ക്കുന്ന അവസരത്തിൽ മാത്രമല്ല, ജോലി ലഭിക്കുന്ന തീയതിയിലും സംഘത്തിന്റെ സേവനത്തിൽ ഉണ്ടായിരിക്കണം.

(4) ശാരീരിക യോഗ്യതകൾ :-

| | | | | |
|---|---|---|---|---|
| (എ) | ചെവി | : | പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം. | |
| (ബി) | കണ്ണ് | : | | |
| | | | <u>വലത്</u> | <u>ഇടത്</u> |
| | ദൂരകാഴ്ച | : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| | സമീപ കാഴ്ച | : | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| | കളർ വിഷൻ | : | സാധരണമായിരിക്കണം | |
| | മാലക്കണ്ണ് | : | ഇല്ലാതിരിക്കണം | |
| (സി) | പേശികളും സന്ധികളും | : | തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം. | |
| (ഡി) | ഞരമ്പുഘടന | : | പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്. | |

കുറിപ്പ്:- (i) ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാവീണ്യം പരിശോധിക്കുന്നതിനുള്ള H Test ഉൾപ്പെടെയുള്ള പ്രായോഗിക പരീക്ഷ കമ്മീഷൻ നടത്തുന്നതാണ്. H ടെസ്റ്റിൽ ജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളു.

(ii) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ജോലിക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

(iii) പ്രായോഗിക പരീക്ഷയിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ അർഹത നേടുന്ന ഉദ്യോഗാർത്ഥികൾ മുകളിൽ 7ാം ഖണ്ഡികയിൽ നാലാമത്തെ ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള മെഡിക്കൽ ഫിറ്റ്നസ്സ് സംബന്ധമായ നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ ഗവ.

സർവ്വീസിലുള്ള ഒഫ്ത്താൽമോളജിസ്റ്റിൽ നിന്നും കാഴ്ച ശക്തി സംബന്ധിച്ച സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

(iv) ബന്ധപ്പെട്ട അപ്പെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ പി.എസ്.സി മുഖേന നിയമിക്കപ്പെട്ടവർ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം ഈ വിജ്ഞാപന പ്രകാരമുള്ള തസ്തികയിൽ നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള അംഗസംഘത്തിന്റെ സേവനത്തിലായിരിക്കണമെന്ന നിബന്ധന അവർക്ക് ബാധകമാകുന്നതല്ല.

(v) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അല്ലെങ്കിൽ വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ തത്തുല്യമായ റാങ്കിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത് വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ആയത് ഹാജരാക്കേണ്ടതുമാണ്. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം .

## <u>സർവ്വീസ് സർട്ടിഫിക്കറ്റ്</u>

| | | |
|---|---|---|
| 1 | ഉദ്യോഗാർത്ഥിയുടെ പേര് | : |
| 2 | ഉദ്യോഗപ്പേര്, ശമ്പളനിരക്ക് (ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയുടെ പേരും, ശമ്പളവും ഓരോ തസ്തികയിലും സ്ഥിരമായി ജോലി നോക്കിയിട്ടുള്ള കാലയളവും) | : |
| 3 | ടിയാൻ ജോലി ചെയ്യുന്ന സഹകരണ സംഘത്തിന്റെ പേരും സഹകരണ സംഘം ........................ ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റു ചെയ്ത തീയതിയും | : |
| 4 | ടി സംഘത്തിൽ സ്ഥിരസേവനം ആരംഭിച്ച തീയതിയും ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയും | : |

മേൽപ്പറഞ്ഞ മെമ്പർ സൊസൈറ്റിയിലെ സ്ഥിരം ജീവനക്കാരനായ ശ്രീ/ശ്രീമതി ........................... യെ സംബന്ധിച്ചുള്ള വിവരങ്ങൾ ടി ഉദ്യോഗാർത്ഥിയുടെ സർവ്വീസ് സംബന്ധമായ വിവരങ്ങളുമായി

ഒത്തുനോക്കിയതിൽ ആയവ സത്യമാണെന്ന് എനിക്ക് ബോദ്ധ്യമായിട്ടുള്ളതായി ഞാൻ സക്ഷ്യപ്പെടുത്തുന്നു.

ഒപ്പം പേരും
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
സ്ഥലം : താലൂക്ക്, സഹകരണ വകുപ്പ്
തീയതി : (ആഫീസ് മുദ്ര)

(vi) സർവ്വീസ് സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപത്തിന്റെ രജിസ്ട്രേഷൻ നമ്പരും രജിസ്റ്റർ ചെയ്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(vii) മെമ്പർ സൊസൈറ്റികളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ തങ്ങൾ ജോലി ചെയ്യുന്ന സംഘം അംഗമായിട്ടുള്ളതും അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിലേക്ക് അപേക്ഷിക്കുമ്പോൾ അപേക്ഷ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് സമർപ്പിക്കുന്നതിനുമുമ്പായി നിയമനാധികാരിയിൽ നിന്ന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു രസീതോ (സമ്മതപത്രം) രസീതിന്റെ അഭാവത്തിൽ ഒരു സർട്ടിഫിക്കറ്റോ വാങ്ങിയിരിക്കേണ്ടതും ആയവ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

നിയമനാധികാരിയിൽ നിന്നും വാങ്ങിയിരിക്കേണ്ട രസീതിന്റെ മാതൃക

FORM OF RECEIPT

(To be obtained from the Head of Office)

Certified that a copy of application/print out page of the online application for selection to the post of ........... on Rs .......... in the ........ (here enter the name of Department/Corporation/Company/Local Authority/Co-operative Institution) notified in the gazette dated ..... has been received in this office on.................... ie, on or before the last date fixed for the receipt of application for the post from Sri/Smt...................(here enter the name and designation of the applicant) and that objections if any to the entertainment of the applications will be communicated to the Head Office/Regional Office/District Office of the Kerala Public Service Commission within one month from the last date fixed for receipt of applications.

Signature
Place : Name & Designation of
Date : the Head of Office

(Office Seal)

## CERTIFICATE

(To be obtained from the Head of Office, in lieu of the Receipt)

Certified that a copy of request for receipt, in the form given in the General Conditions of the Gazette notification inviting application for the post, dated ….. has been received in this office on …........ie, on or before the last date fixed for receipt of application for the post, from Sri/Smt....... (here enter the name and designation of the applicant) applying for selection to the post of …..... on Rs …... in the …................ Dept/Corporation/Company/Local Authority/Co-operative Institution notified in the gazette dated …..........

Signature

Place : Name & Designation of

Date : the Head of Office

(Office Seal)

## FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER

(To be filled up by a Medical Officer not below the rank of an Assistant Surgeon)

1. What is the applicant's apparent age?
2 Is the applicant to the best of your judgment, subject to epilepsy, vertigo or any mental ailment likely to affect his efficiency?
3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Driver?
4. Does the applicant suffer from any degree of deafness, which would prevent his hearing the ordinary sound signals? Is his hearing perfect?
5. Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a driver?
6. State of Muscles and Joints (No paralysis and all joints with free movements)
7. State of Nervous System (Perfectly normal and free from any infectious diseases)
8. Does he show any evidence of being addicted to the extensive use of alcohol, tobacco or drinks?
9. Marks of Identification

He is physically fit for the post of ………………………. ………… ……. I certify to the best of my knowledge and belief that the applicant Shri. …………………. ………………….. is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical officer shall be affixed on the photograph.)

Photo of the candidate

Signature

Name Designation &
Official Address

Place:

Date:

(office seal)

FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER

(To be filled up by an Ophthalmologist in Government Service)

1. Is there any defect of vision? :
   If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen.
2. Can the applicant readily distinguish the pigmentary colours red and green? :
3. Does the applicant suffer from any night blindness? :

I have this day medically examined Shri ……………………… and found that he has no defect of vision which would render him unsuitable for the post of Driver and his standards of vision are as follows.

Standards of Vision

(Eye sight without glasses)

| | | Right Eye | Left Eye |
|---|---|---|---|
| 1. | Distant Vision | …………snellen | …………snellen |
| 2. | Near Vision | …………snellen | …………snellen |
| 3. | Field of vision | …………………. | |

(specify whether full or not, Entry ‘Normal’, ‘Good’ etc. will be inappropriate here)

4. Colour blindness
5. Squint
6. Any morbid conditions of the eyes or lids of either eye.

His standards of vision are fit for the post of Driver

I certify to the best of my knowledge and belief that the applicant

Shri ……………. ………… …………. …………. ……………. is the person herein above described and that the attached photograph has a reasonably

correct likeness (The signature of the Ophthalmologist shall be affixed on the photograph leaving the face clear.)

Photo of the candidate

Signature

Name

Place: Designation &

Date: Official Address

(office seal)

Note:- Details regarding standards of vision should be clearly stated in the certificate, as given above and vague statements such as vision Normal etc. will not be accepted. Specification for each eye should be stated separately. Special attention should be directed to the distant vision. Required standard of vision are as follows.

| | | Right Eye | Left Eye |
|---|---|---|---|
| (a) | Distant vision | 6/6 snellen | 6/6 snellen |
| (b) | Near vision | 0.5 snellen | 0.5 snellen |
| (c ) | Each eye must have full field of vision | | |

8. **അപേക്ഷകൾ സമർപ്പിക്കേണ്ട രീതി:**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kerlapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ `Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31.12.2011-ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload

ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസാമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ ' My applications എന്ന Link – ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : **21.04.2021** ബുധനാഴ്ച രാത്രി 12 മണി വരെ

10 പൊതുവ്യവസ്ഥകളിലെ 2,7 എന്നീ ഖണ്ഡിക മേൽപ്പറഞ്ഞ തെരഞ്ഞെടുപ്പിന് ബാധകമല്ല.

11 ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് പരീക്ഷ/ഒ.എം.ആർ./ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നല്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ

കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ, ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ 1976 ലെ KPSC Rules of procedure ചട്ടം 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായും നോക്കുക)

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**